മാതൃഭൂമി
02-07-2018

# ഡോ. കാജൽ ചക്രവർത്തിക്ക് റാഫി അഹ്മദ് കിദ്വായ് പുരസ്കാരം


ഡോ. കാജൽ ചക്രവർത്തി

കൊച്ചി ▸ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) സീനിയർ സയന്റിസ്റ്റും നാഷണൽ അക്കാദമി ഓഫ് അഗ്രിക്കൾച്ചറൽ സയൻസസ് ഫെലോയുമായ ഡോ. കാജൽ ചക്രവർത്തി ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) ഇത്തവണത്തെ റാഫി അഹ്മദ് ക്വിദ്വായ് പുരസ്കാരത്തിനർഹനായി. കടൽ പായലിൽ നിന്ന് പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോത്പന്നങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. .

ഓരോ വർഷവും കാർഷിക ഗവേഷണത്തിൽ മികവ് പുലർത്തുന്നവർക്ക് നൽകുന്നതാണ് അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന ഈ പുരസ്കാരം. ഐ.സി.എ.ആറിന്റെ സ്ഥാപകദിനമായ 16-ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുരസ്കാരം നൽകും.